# കാലാവസ്ഥാ വ്യതിയാനം
# ഒരു ഇസ്‌ലാമിക വായന

ഡോ. മുസമ്മൽ ഹുസൈൻ

**മനുഷ്യരുടെ** ചെയ്തികൾ കാലാവസ്ഥാ വ്യവസ്ഥയിൽ സൃഷ്ടിച്ച സ്വാധീനഫലമായി ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ ഭൂമിയിലെ ജീവിതം ഇപ്പോഴത്തേതിൽനിന്ന് തികച്ചും വ്യത്യസ്തമാകാൻ സാധ്യതയുണ്ട്. ചില ഭാഗങ്ങളിൽ ജീവിതം തീർത്തും അസാധ്യമാവുകയും ചെയ്യാം. ഈ ഭീഷണി നേരിടാൻ മാനവരാശി മുഴുവൻ ഒറ്റക്കെട്ടായി ശ്രമിക്കേണ്ടിയിരിക്കുന്നു. മുസ്‌ലിംകളടക്കം എല്ലാ സമുദായങ്ങൾക്കും ആഗോള കാലാവസ്ഥാ വ്യതിയാനത്തിൽ പങ്കുണ്ട്. ഈ വെല്ലുവിളിയെ നേരിടേണ്ട വിവിധ സമുദായങ്ങൾക്കിടയിൽ അഭിപ്രായ സമന്വയത്തിന് സഹായകമാകാനും മുസ്‌ലിം സമുദായം ഇതിന് ഇനിയും വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ലാത്തതിനാലും ഇസ്‌ലാമിലാണ് ഈ ലേഖനം ഊന്നുന്നത്.

സൂര്യനുമായുള്ള ഭൂമിയുടെ ബന്ധത്തിലുണ്ടാകുന്ന ക്രമപ്രവൃദ്ധമായ മാറ്റത്തിന്റെ ഫലമായി ആയിരക്കണക്കിന് വർഷം കൂടുമ്പോൾ ഭൂമിയുടെ താപനിലയിൽ വ്യത്യാസമുണ്ടാകുമെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നുണ്ട്. എന്നാൽ ഇപ്പോൾ സംഭവിക്കുന്നത് അതല്ല. കഴിഞ്ഞ നൂറ്റാണ്ടിൽ $0.6^{0}$C താപവർധനവുണ്ടായി. ഈ നൂറ്റാണ്ടിൽ അനേകം ഡിഗ്രി വർധനവുണ്ടാകുമെന്നാണ് പ്രവചനം. ഗ്രഹങ്ങൾ തമ്മിലുള്ള പരസ്പര സ്വാധീനങ്ങൾക്കു പുറമെ സൗരവികിരണവും അഗ്നിപർവതങ്ങളുടെ പ്രവർത്തനവുമാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാഭാവിക കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നാൽ ഇപ്പോഴത്തെ ആഗോളതാപനം ഭൗമാന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ (green-house gases) കേന്ദ്രീകരണം വർധിക്കുന്നതിന്റെ ഫലമാണെന്നാണ് വിദഗ്ധാഭിപ്രായം. ഈ വാതകങ്ങളിൽ കാർബൺ ഡൈ ഓക്സൈഡാണ് ഏറ്റവും പ്രധാനം. വ്യവസായ വിപ്ലവത്തിനുശേഷം അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതക കേന്ദ്രീകരണം ഏകദേശം 35 ശതമാനം വർധിച്ചിട്ടുണ്ട്. മനുഷ്യർ പുറത്തുവിടുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ മുക്കാൽ ഭാഗവും എണ്ണ, കൽക്കരി, ഗ്യാസ് മുതലായ ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നതിന്റെ ഫലമായുണ്ടാകുന്നതാണ്.

ആഗോള താപനില വർഷം തോറും വർധിച്ചുവരുന്നതിന്റെ ഫലമായി പലതരം പ്രത്യാഘാതങ്ങളുണ്ടാകുന്നു. ആഗോളതാപനം മൂലം 2000-ൽ ഒന്നര ലക്ഷം പേർ മരിച്ചതായി ലോകാരോഗ്യ സംഘടനയുടെ 2002-ലെ റിപ്പോർട്ടിൽ പറയുകയുണ്ടായി. കനത്ത ചൂടിൽ മഞ്ഞ് ഉരുകുകയും ജലം ചൂടുപിടിക്കുകയും ചെയ്യുന്നതിനാൽ സമുദ്രനിരപ്പ് ഉയർന്ന് ലക്ഷക്കണക്കിനാളുകൾ ഭവനരഹിതരായിത്തീരുന്നു. ഹരിതഗൃഹ വാതകങ്ങൾ പുറത്തുവിടുന്നതിന്റെ പ്രതിശീർഷ തോത് വളരെ കുറവായ ബംഗ്ലാദേശിൽ ഒന്നര കോടിയും വിയറ്റ്നാമിൽ ഒരു കോടി എഴുപത് ലക്ഷവും പേർ ഭവനരഹിതരാകുമെന്നാണ് പ്രവചനം. ഫോസിൽ ഇന്ധനം കൂടുതൽ ഉപയോഗിക്കുന്നവരല്ല അതിന്റെ പ്രത്യാഘാതം അനുഭവിക്കുന്നത്. ഉയർന്ന താപനില കാർഷിക വിളകളെ ബാധിക്കുമ്പോഴും ഈ അനീതി സംഭവിക്കുന്നു. കാർബൺ ഡൈ ഓക്സൈഡ് കുറഞ്ഞ തോതിൽ പുറത്തുവിടുന്നവരാണ് കാർഷികരംഗത്ത് കൂടുതൽ പ്രത്യാഘാതം അനുഭവിക്കേണ്ടിവരിക. ആഗോള ഭക്ഷ്യോൽപാദനത്തെ ആഗോളതാപനം ഗുരുതരമായി ബാധിക്കാനിടയില്ലെങ്കിലും സമ്പന്ന-ദരിദ്ര രാജ്യങ്ങൾക്കിടയിലെ ഭക്ഷ്യവിതരണത്തിലെ അസമത്വം വർധിക്കാൻ സാധ്യതയുണ്ട്. ആഫ്രിക്കയിൽ ചുരുങ്ങിയത് ആറു കോടി മനുഷ്യർ പട്ടിണി ഭീഷണി നേരിടുന്നു. കനത്ത ചൂടിൽ വനങ്ങൾ നശിക്കുന്നത് കാർബൺ ഡൈ ഓക്സൈഡിന്റെ ആധിക്യത്തിനും തൽഫലമായി കാലാവസ്ഥാ വ്യതിയാനത്തിനും വഴിവെക്കും. ആഗോള താപനം ചുഴലിക്കാറ്റും വർധിപ്പിക്കുന്നു. 2005-ൽ അമേരിക്കയിൽ കനത്ത നാശനഷ്ടമുണ്ടാക്കിയ കൊടുങ്കാറ്റിനു കാരണം ആഗോളതാപനമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അന്തരീക്ഷത്തിലെ ഉയർന്ന താപനില വായുവിന്റെ തടഞ്ഞുവെക്കാനുള്ള ശേഷിയെ ബാധിക്കുകയും കുത്തിച്ചൊരിയുന്ന മഴ വ്യാപിക്കുന്നതിലൂടെ വെള്ളപ്പൊക്കത്തിന് അത് ഇടയാക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിക നിയമത്തിന്റെ പ്രഥമ സ്രോതസ്സ് ഖുർആനും സുന്നത്തുമാണ്. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും നിയമം നിർധാരണം ചെയ്തെടുക്കുന്നതിനെ ഇജ്തിഹാദ് എന്ന് പറയുന്നു. മാറുന്ന സാഹചര്യങ്ങളിൽ മൗലികപ്രമാണങ്ങൾ പ്രയോഗിക്കാൻ ആവശ്യമായ പ്രക്രിയയാണിത്. ഇജ്തിഹാദില്ലാതെ ഇസ്‌ലാം എന്ന പേരിൽ പ്രയോഗിക്കപ്പെ

ടുന്നത് സന്ദർഭത്തിന് യോജിക്കാത്തതാവാനും ഇസ്‌ലാമിക നിയമം പ്രതിഫലിപ്പിക്കേണ്ട മൂല്യങ്ങൾ പ്രതിഫലിപ്പിക്കാത്തതാവാനും സാധ്യതയുണ്ട്. സാഹചര്യം കൂടി കണക്കിലെടുത്തായിരിക്കണം തത്ത്വങ്ങൾ പ്രയോഗിക്കേണ്ടത്. അതിനാൽ ഇസ്‌ലാമിക നിയമങ്ങളുടെ നിർധാരണത്തിന് സമകാലിക ശാസ്ത്രവും രാഷ്ട്രീയവും സാമൂഹിക മൂല്യങ്ങളുമെല്ലാം നന്നായി മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ആഗോള കാലാവസ്ഥാ വ്യതിയാനമടക്കമുള്ള പുതിയ പ്രശ്നങ്ങൾക്കും ഇസ്‌ലാമിക സ്രോതസ്സുകളിൽനിന്ന് പരിഹാരം കണ്ടെത്താൻ ഇജ്തിഹാദ് ആവശ്യമാണ്. പക്ഷേ, ഇസ്‌ലാമിക കർമശാസ്ത്രത്തിൽ യോഗ്യതയില്ലാതെ പരിസ്ഥിതി വിദഗ്ധരും പാരിസ്ഥിതിക വിഷയങ്ങളിൽ പ്രായോഗിക പരിജ്ഞാനമില്ലാത്ത ഇസ്‌ലാമിക കർമശാസ്ത്ര പണ്ഡിതന്മാരും എത്ര ആത്മാർഥതയോടെ ഇജ്തിഹാദ് ചെയ്താലും അത് അസാധുവും അപ്രസക്തവുമാകും.

ഇസ്‌ലാമിന്റെ പ്രാഥമികാധ്യാപനങ്ങൾതന്നെ ഭൗതികതയെയും സ്വാർഥയെയും നിരുത്സാഹപ്പെടുത്തുന്നു. പ്രകൃതിയെ കുറിച്ച് ചിന്തിക്കാനും ഭൗതികതയെ മറികടന്ന് ദൈവത്തോടടുക്കാനും അവ ആഹ്വാനം ചെയ്യുന്നുമുണ്ട്. ദൈവവും പ്രകൃതിയും തമ്മിലുള്ള ഉറ്റബന്ധവും അവ ഊന്നിപ്പറയുന്നു. ഈ ബന്ധത്തിന് കരുത്തു പകരുന്നതാണ് ഖുർആനിലെ 'ആയത്ത്' എന്ന പ്രയോഗം. ദൃഷ്ടാന്തം/ അടയാളം എന്ന് അർഥമുള്ള ഈ പദം ഖുർആൻ സൂക്തത്തെയും പ്രകൃതിയെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. പ്രകൃതിയും ഖുർആനും തമ്മിലുള്ള ഈ ബന്ധം ഭൗതികവാദത്തെയും വ്യക്തിവാദത്തെയും ദ്രവിപ്പിക്കാൻ സഹായകമായ മൂല്യത്തിലേക്കാണ് വെളിച്ചം വീശുന്നതെന്ന് സയ്യിദ് ഹുസൈൻ നസ്ർ വ്യക്തമാക്കിയിട്ടുണ്ട്. ഇസ്‌ലാമിക വീക്ഷണപ്രകാരം, പ്രകൃതിക്ക് വിശുദ്ധ ഗുണങ്ങളുണ്ടെന്നും സർവത്തെയും വലയം ചെയ്യുക എന്ന ദൈവികഗുണം (*മുഹീത്*) പ്രകൃതിയുടെ പരിശുദ്ധി ബോധ്യപ്പെടുത്തുന്നതാണെന്നും അദ്ദേഹം തുടരുന്നു. വിശുദ്ധ ഖുർആനിൽ പലയിടത്തും ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. പ്രകൃതിയുടെ ആത്മീയതലത്തെ കുറിച്ചും നസ്ർ വിശദീകരിക്കുന്നു. തിരിച്ചറിവ് ആത്യന്തികമായി പ്രകൃതിയോടുള്ള നിലപാടിലും പെരുമാറ്റത്തിലും കാര്യമായ സ്വാധീനം ചെലുത്തുന്നു.

നഗരകുടിയേറ്റം വർധിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. ഇങ്ങനെ കുടിയേറുന്നവർ അമിത ഊർജോൽപാദനത്തിൽ അധിഷ്ഠിതമായ പുതിയൊരു ലോകത്ത് അലിഞ്ഞുചേരുകയും ചെയ്യുന്നു. ആത്മീയപോഷണത്തിന്റെ സ്രോതസ്സ് ഇല്ലാതാവുകയും ദൈവത്തിൽനിന്ന് അകലുകയുമാണ് ഇതിന്റെ അനന്തരഫലം. നേരത്തേ സൂചിപ്പിച്ച ഖുർആൻ വചനങ്ങൾ സമർപ്പിക്കുന്ന സന്ദേശം ഇത്തരം സമൂഹങ്ങളിൽ ഏറെ പ്രസക്തമാണ്. പ്രകൃതിയെ അനുഭവിച്ചും അതിനെ കുറിച്ച് ചിന്തിച്ചും ഈ സന്ദേശം പ്രയോഗവത്കരിക്കുന്നതിലൂടെ പ്രകൃതിയോട് ആദരവ് വളരുകയും സ്രഷ്ടാവുമായുള്ള ബന്ധം ശക്തിപ്പെടുകയും ചെയ്യുന്നു. അമിതോൽപാദനം, ലാഭം, സാമ്പത്തിക വളർച്ച എന്നിവയിൽ മാത്രം അധിഷ്ഠിതമായ ഒരു സംസ്കാരത്തിൽ ജീവിക്കുന്നതിന്റെ ദുഷ്ഫലങ്ങൾക്കുള്ള മറുമരുന്ന് കൂടിയാണിത്.

പ്രകൃതിയുമായി ബന്ധമുള്ള മറ്റൊരാശയമാണ് 'സന്തുലനം' എന്ന പദത്തിലൂടെ ആവിഷ്കരിക്കാറുള്ളത്. ഇതിന്റെ അറബി രൂപമായ 'മീസാൻ' ഖുർആനിൽ ഒന്നിലധികം തവണ വന്നിട്ടുണ്ട്. ദൈവം എല്ലാ വസ്തുക്കളെയും നിർണിതമായ അനുപാതത്തിലും അളവിലുമാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ഖുർആൻ പറയുന്നുണ്ട്. വിവിധ വസ്തുക്കൾ തമ്മിൽ പരസ്പരബന്ധവുമുണ്ട്. ദൈവദത്തമായ സന്തുലനം പരസ്പരമുള്ള ഇടപാടുകളിലും ബന്ധങ്ങളിലും കൂടി പ്രതിഫലിപ്പിക്കാനാണ് പ്രവാചകൻ ആവശ്യപ്പെടുന്നത്. സന്തുലനം, അനുപാതം എന്നീ പദങ്ങൾ അടിവരയിടുന്ന തത്ത്വം കാലാവസ്ഥാമാറ്റത്തിന് ഒരു ധാർമികമാനം നൽകുന്നുണ്ട്. ഹരിതഗൃഹ വാതകങ്ങളുടെ അനുപാതം വർധിക്കുന്നത് ഭൂഗോളത്തിൽ മുഴുവൻ വലിയ മാറ്റങ്ങളുണ്ടാക്കുന്നു. ഈ അനുപാതമാറ്റത്തിന് മനുഷ്യരുടെ പ്രവർത്തനങ്ങൾ മുഖ്യ കാരണമാണെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

ഇസ്‌ലാമിക അധ്യാപനങ്ങളിലെ സുപ്രധാനമായ ഒരു തത്ത്വമാണ് ഫിത്വ്റ. കലർപ്പറ്റ അവസ്ഥ, സഹജ നന്മ, പ്രകൃതിപരം, സ്വാഭാവികം, നൈസർഗികം എന്നിങ്ങനെ *ഫിത്വ്റ*യെ വിശദീകരിച്ചിട്ടുണ്ട്. ഫിത്വ്റയുടെ മതമായാണ് ഇസ്‌ലാം സ്വയം വിശേഷിപ്പിക്കുന്നത്. ഇസ്‌ലാമിന്റെ സഹജമായ നന്മ മാത്രമല്ല ഇതുകൊണ്ടുദ്ദേശ്യം. പരോപകാരത്തെയും മനുഷ്യപ്രകൃതിയുടെ സഹജഗുണമായാണ് ഇസ്‌ലാം കാണുന്നത്. ഇങ്ങനെ സൃഷ്ടിജാലങ്ങൾക്കിടയിൽ സ്വന്തം സ്ഥാനം തിരിച്ചറിയുന്ന മനുഷ്യൻ പ്രകൃതിയോട് കൂടുതൽ സൂക്ഷ്മതയോടെ വർത്തിക്കാൻ തയാറാകുന്നു.

ഒഴുകുന്ന നദിയിൽനിന്ന് വുദൂ ചെയ്യുമ്പോൾ പോലും ആവശ്യത്തിലധികം വെള്ളം ഉപയോഗിക്കരുതെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ധൂർത്തടിക്കരുതെന്നും ധൂർത്തടിക്കുന്നവരെ ദൈവം ഇഷ്ടപ്പെടുന്നില്ലെന്നും വിശുദ്ധ ഖുർആനും വ്യക്തമാക്കുന്നു. പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാം; പക്ഷേ പരിധി വിട്ടുകൂടാ. കാലാവസ്ഥാ മാറ്റത്തെക്കുറിച്ച ചർച്ചയിലെ സുപ്രധാന വിഷയമാണ് ഇന്ധനോപയോഗം. ഇന്ധനോപയോഗത്തിലധിഷ്ഠിതമായ ഉൽപാദനവും ഗതാഗതവും അനാവശ്യ തലത്തിലെത്തുമ്പോൾ ഇസ്‌ലാം അതിനെ നിരുത്സാഹപ്പെടുത്തുന്നു. ഉൽപാദനം ആവശ്യത്തിനനുസരിച്ചായിരിക്കണം; ലാഭം മാത്രം ലക്ഷ്യം വെച്ചാകരുത്. പ്രാദേശികമായ ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുകയും വേണം. ഉപഭോഗം ഉൽപാദനത്തിന് പ്രേരകമാകുന്നതിനാൽ ഉൽപാദകർക്കെന്നപോലെ ഉപഭോക്താക്കൾക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. ഈ തത്ത്വത്തിൽനിന്ന് വ്യതിചലിച്ചതിന്റെ ഫലമാണ് കാലാവസ്ഥാ വ്യതിയാനം. കാലാവസ്ഥാ വ്യതിയാനഭീഷണി നിലനിൽക്കുന്ന പുതിയ സാഹചര്യത്തിൽ ഈ തത്ത്വം പിന്തുടരാൻ മുസ്‌ലിംകൾ കൂടുതൽ ബാധ്യസ്ഥരാണ്. പരസ്യങ്ങൾക്കടിപ്പെട്ട് ധാരാളമാളുകൾ ഉപഭോഗം വർധിപ്പിക്കുന്നതിൽ അത്ഭുതമില്ല. പക്ഷേ, തിന്മയുടെ ആധിക്യം കണ്ണഞ്ചിപ്പിച്ചുകളഞ്ഞാലും നന്മയും തിന്മയും സമമല്ലെന്ന് ഖുർആൻ ഓർമിപ്പിക്കുന്നുണ്ട്.

അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അനുപാതം വർധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ മാത്രമല്ല അതിന്റെ ദുഷ്ഫലം അനുഭവിക്കുന്നത്. ഏറ്റവും കൂടുതൽ ഫോസിൽ ഇന്ധനം ഉപയോഗിക്കുന്നവരുടെ ചെയ്തി അത് കുറച്ച് ഉപയോഗിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്നു. തലമുറകളെയും ഭൂമിശാസ്ത്രപരമായ പരിധികളെയും ജീവിവംശങ്ങളെയുമെല്ലാം മറികടന്ന് ഈ അനീതി വ്യാപിക്കുന്നു. വിശുദ്ധ ഖുർആൻ ഊന്നിപ്പറയുന്ന ഒരു ഇസ്‌ലാമിക തത്ത്വമാണ് നീതി. ഇസ്‌ലാമിക വീക്ഷണപ്രകാരം, മാനവരാശി അതിന്റെ സ്വാഭാവികാവസ്ഥ- ഫിത്വ്റ-യിൽനിന്ന് വ്യതിചലിച്ചതിന്റെ ലക്ഷണമാണ് കാലാവസ്ഥാ വ്യതിയാനമെന്നു പറയാം. സമ്പത്ത് ഏതാനും കൈകളിൽ കുന്നുകൂട്ടുന്ന സാമ്പത്തിക അനീതിയുടെ കൂടി ഫലം. വ്യക്തിപരവും സാമൂഹികവും സാമ്പത്തികവുമായ അസന്തുലനം പരിസ്ഥിതിയിലും പ്രതിഫലിക്കുന്നു. ഹരിതഗൃഹ വാതകങ്ങളുടെ വർധനവും തദ്ഫലമായുള്ള കാലാവസ്ഥാ മാറ്റവും അതിന്റെ ഭാഗമാണ്. ഈ

പ്രതിസന്ധിയെ വൈയക്തികവും സാമൂഹികവും സാമ്പത്തികവുമായ ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. ആത്മീയാനുഷ്ഠാനങ്ങളും പ്രകൃതിയെ കുറിച്ച ചിന്തയും വ്യക്തിയിൽ മൂല്യാധിഷ്ഠിത കർമങ്ങളോടുള്ള അനുകൂല മനോഭാവം വളർത്തുന്നു. വ്യക്തിയുടെ മനസ്സ് ഫിത്വ്റയുടെ ശരിയായ അവസ്ഥയോടടുക്കുമ്പോൾ ആവശ്യത്തിലധികം ഉപഭോഗം നടത്താനുള്ള ത്വര ഇല്ലാതാവുകയും ജീവിതം ലളിതമാവുകയും ചെയ്യുന്നു. കുറച്ച് ഉൽപന്നങ്ങളും സേവനങ്ങളും മാത്രം ഉപയോഗിക്കുന്നതിനാൽ പുറത്തുവിടുന്ന കാർബണിന്റെ തോതും കുറഞ്ഞുവരുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റിയും പരസ്പരം സഹകരിച്ചും പങ്കുവെച്ചും ജീവിക്കുമ്പോൾ പൊതുവായ ഉപഭോഗവും കുറയും. അതുവഴി ഉൽപാദനത്തിനാവശ്യമായ ഊർജവിനിയോഗവും കുറയുന്നു. ഇതും കാർബണിന്റെ തോത് കുറക്കാൻ സഹായിക്കുന്നു.

പ്രകൃതിയെ നശിപ്പിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾക്കെതിരെയും ഭരണകൂടങ്ങൾക്കെതിരെയും മുസ്‌ലിംകൾ ശബ്ദമുയർത്തുകയും കർമനിരതരാവുകയും ചെയ്യേണ്ടതുണ്ട്. സാമ്പത്തിക നീതിയും പാരിസ്ഥിതിക നീതിയും ആവശ്യപ്പെട്ട് രംഗത്തുവരുന്ന ആഗോള പ്രസ്ഥാനങ്ങളും കൂട്ടായ്മകളും ഇസ്‌ലാമിക തത്ത്വങ്ങൾക്കും ജനാധിപത്യ തത്ത്വങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുവോളം അവയുമായി ചേർന്നു പ്രവർത്തിക്കുകയാണ് ഒരു മാർഗം. പ്രകൃതിക്കനുയോജ്യമായ ഒരു ധാർമിക ചട്ടക്കൂടിൽ പ്രവർത്തിക്കാൻ തയാറുള്ളവരെ കൂട്ടിയോജിപ്പിക്കുന്ന ചെറിയ സാമൂഹിക പദ്ധതികൾക്കു രൂപം നൽകിക്കൊണ്ട് ഒരു ബദൽ വ്യവസ്ഥ സ്ഥാപിക്കാനും ശ്രമിക്കേണ്ടതുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികളുടെ ആവശ്യകതയെക്കുറിച്ച് വലിയൊരു വിഭാഗം മുസ്‌ലിംകൾ ഇനിയും ബോധവാന്മാരായിട്ടില്ല. അവരുടെ ജീവിതരീതി ഉപഭോഗസംസ്കാരത്തിൽ അധിഷ്ഠിതമാണുതാനും. അതിനാൽ മുസ്‌ലിംകൾക്കിടയിൽ ഒരു ആത്മീയ നവോത്ഥാനവും ഈ വിഷയത്തിൽ വിശദമായ സംവാദവും നടക്കേണ്ടത് ആവശ്യമാണ്. ■

(*ദ കംപാനിയൻ* മാസികയിൽനിന്ന് സംഗ്രഹ വിവർത്തനം)